# File No.LSGD-EPA2/182/2020-LSGD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - കുന്നത്തുനാട് ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. ജയശങ്കർ ടി.ആർ ന് സാഹിത്യ രചനയിൽ ഏർപ്പെടുന്നതിന് സോപാധിക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.752/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 23/03/2021

---

പരാമർശം:- 1 ശ്രീ. ജയശങ്കർ ടി.ആർ സമർപ്പിച്ച 21.11.2020 തീയതിയിലെ അപേക്ഷ.

2 പഞ്ചായത്ത് ഡയറക്ടറുടെ 03.12.2020 ലെ PAN/14107/2020-E10(DP) നമ്പർ കത്ത്.

**ഉത്തരവ്**

കുന്നത്തുനാട് ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. ജയശങ്കർ ടി.ആർ ന് സാഹിത്യ രചനയ്ക്ക് അനുമതി നൽകണമെന്ന് അപേക്ഷിച്ച് പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ അനുകൂല ശിപാർശയോടെ പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചു. പഞ്ചായത്തിൽ ജോലി ലഭിക്കുന്നതിന് മുമ്പേ കലാ സാംസ്കാരിക പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും മുഖപുസ്തകത്തിൽ ചെറിയ കുറിപ്പുകളും സിനിമ സാഹിത്യ നിരൂപണങ്ങളും എഴുതാറുള്ളതായും കഴിഞ്ഞ വർഷം പഞ്ചായത്ത് നടത്തിയ കഥാമത്സരങ്ങളിൽ ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും രണ്ടാം സ്ഥാനവും മൂന്നാം സ്ഥാനവും ലഭിച്ചതിന്റെ ആത്മവിശ്വാസത്തിൽ സാഹിത്യ രചന, ഓഫീസ് പ്രവർത്തികൾക്ക് തടസ്സം വരാത്ത രീതിയിൽ നടത്തുന്നതിന് അനുമതി നൽകണമെന്ന് ശ്രീ. ജയശങ്കർ സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. എറണാകുളം ജില്ലയിലെ കുന്നത്തുനാട് ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. ജയശങ്കർ ടി.ആർ ന് കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾ 1960-ലെ ചട്ടം 48ന്റെ ഒന്നാം പ്രൊവിസോ പ്രകാരവും ചട്ടം 62, 63 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും യാതൊരു പ്രതിഫലവും കൈപ്പറ്റാൻ പാടില്ലെന്നും ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് ഭംഗം വരുത്താൻ പാടില്ലെന്നും സർക്കാരിനെയോ സർക്കാർ നയങ്ങളെയോ ഏതെങ്കിലും തരത്തിൽ വിമർശിക്കാൻ പാടില്ലെന്നുമുള്ള വ്യവസ്ഥയിൽ സാഹിത്യ രചനയിൽ ഏർപ്പെടുന്നതിന് സോപാധിക അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. സർക്കാർ നിർദ്ദേശിക്കുന്ന പക്ഷം പ്രസ്തുത പ്രവർത്തനങ്ങൾ തുടർന്ന് ഏറ്റെടുക്കുകയോ തുടരുകയോ ചെയ്യാൻ പാടില്ലാത്തതുമാകുന്നു. ഈ വ്യവസ്ഥകളിൽ എന്തെങ്കിലും വീഴ്ച വരുത്തുന്ന പക്ഷം ബന്ധപ്പെട്ട മേലധികാരി ടിയാനെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ടതും തുടർന്ന് ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അനുമതി പിൻവലിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എ

ഡെപ്യൂട്ടിസെക്രട്ടറി

ശ്രീ. ജയശങ്കർ ടി.ആർ, ഓഫീസ് അറ്റൻഡന്റ്, കുന്നത്തുനാട് ഗ്രാമപഞ്ചായത്ത്, എറണാകുളം ജില്ല (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

## File No.LSGD-EPA2/182/2020-LSGD

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം ജില്ല(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

സെക്രട്ടറി, കുന്നത്തുനാട് ഗ്രാമപഞ്ചായത്ത്, എറണാകുളം ജില്ല (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

വെബ് ആൻഡ് ന്യൂ മീഡിയ (I&PRD)

എക്സി. ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്(ഫയൽ നം. ഇപിഎ2/182/2020-തസ്വഭവ )

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ